കസ്റ്റമർ സർവ്വീസ് - ഔട്ട് സ്റ്റേഷനും ലോക്കൽ ചെക്കുകൾക്കും ഉടനെയുള്ള ക്രെഡിറ്റ് പരിധി ഉയർത്തൽ

ഭാരതീയ റിസർവ് ബാങ്ക്

കേന്ദ്ര കാര്യാലയം

ഡിപ്പാർട്ടമെന്റ് ഓഫ് ബാങ്കിംഗ് ഓപ്പറേഷൻസ് ആന്റ് ഡെവലപ്മെന്റ് സെന്റർ 1- വേൾഡ് ട്രേഡ് സെന്റർ

ഒഫെ പരേഡ് കൊളാബ

മുംബൈ 400005

റഫ. DBOD.നമ്പർ Leg BC 21/09-07-007/2002-03 (ആഗസ്റ്റ് 23, 2002)

എല്ലാ പട്ടികപ്പെടുത്തിയ വാണിജ്യ ബാങ്കുകൾക്കും

(RRBകളും LAB കളും ഒഴികെ)

സർ,

ഉപഭോക്താവിന്റെ കളക്ഷനുള്ള ഔട്ട് സ്റ്റേഷൻ ലോക്കൽ ചെക്കുകൾക്ക് 7500 രൂപ വരെ മൂല്യമുള്ള ക്രെഡിറ്റ് പരിധി ഉടൻ ഉയർത്തണം എന്ന് അറിയിച്ചു കൊണ്ട് 2000 മെയ് 29 ന് നിങ്ങൾക്ക് അയച്ച സർക്കുലർ DBOD നമ്പർ BC 181/09-07-007/99-2000 നോക്കുക.

2. ഇന്ത്യൻ ബാങ്കുകളുടെ അസോസിയേഷ (IBA) ന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഭാരതീയ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ ഇഷ്യൂ ചെയ്യുന്ന ഇപ്പോൾ നിലവിലുള്ള മാർഗ്ഗരേഖകൾക്ക് വിധേയമായി ഔട്ട് സ്റ്റേഷൻ/ലോക്കൽ ചെക്കുകളുടെ ക്രെഡിറ്റിന്റെ പരിധി നിലവിലുള്ള 7500/- രൂപയിൽ നിന്നും 15000/- രൂപയാക്കി ഉയർത്താനും തീരുമാനമായിട്ടുണ്ട്.

3. നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് ഉപഭോക്താക്കൾ ഔട്ട് സ്റ്റേഷൻ/ലോക്കൽ ചെക്കുകൾ കളക്ഷന് വേണ്ടി നൽകുമ്പോൾ ഉടനടിയുള്ള ക്രെഡിറ്റ് സാധ്യമാക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗരേഖകൾ പാലിക്കേണ്ടതാണ്

(i) ഔട്ട് സ്റ്റേഷൻ ചെക്കുകളുടെ കാര്യത്തിൽ സാധാരണ കളക്ഷൻ ചാർജ്ജുകളും ലോക്കൽ ചെക്കുകൾക്ക് 5 രൂപയും വസൂലാക്കേണ്ടതാണ്.

(ii) കസ്റ്റമറുടെ അക്കൗണ്ടിന്റെ നടത്തിപ്പിൽ ബാങ്കിന് തൃപ്തിയുണ്ടായിരിക്കണം

(iii) സേവിംഗ്സ് ബാങ്ക്, കറണ്ട്, ക്യാഷ് ക്രെഡിറ്റ് അക്കൗണ്ട് എന്നിങ്ങനെയുള്ള കസ്റ്റമർ അക്കൗണ്ട് സ്റ്റാറ്റസിൽ വിവേചനം കാണിക്കാതെ എല്ലാ വ്യക്തിഗത നിക്ഷേപകനും ഈ സൗകര്യം ബാങ്ക് നൽകുന്നതാണ്.

(iv) ഈ സൗകര്യം നൽകുന്നതിൽ മിനിമം ബാലൻസിന്റെ കാര്യത്തിൽ ബാങ്കുകൾ പ്രത്യേകമായ വ്യവസ്ഥകളൊന്നും തന്നെ വെയ്ക്കരുത്

v) ഇക്കാര്യത്തിൽ ബാങ്ക് സ്വീകരിക്കാറുള്ള സാധാരണ മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ബാങ്കിന്റെ എക്സ്ടെൻഷൻ കൗണ്ടറുകളിലും കസ്റ്റമറുകൾക്ക് ഈ സൗകര്യം അനുവദിക്കേണ്ടതാണ്

vi) ചെക്കുകൾ ഉടനടി ക്രെഡിറ്റാകുമ്പോൾ മുൻകൂർ തുക നൽകുമ്പോൾ 15000 രൂപ വരെ മുഖവിലയുള്ള ഇത്തരം ചെക്കുകളുടെ മേൽ പലിശ ചുമത്താറില്ല എന്നത് അഡ്വാൻസുകളുടെ മേലുള്ള നികുതി നിരക്കിനെ സംബന്ധിച്ച ഭാരതീയ റിസർവ് ബാങ്കിന്റെ നിർദേശ ലംഘനമാകുന്നില്ല.

vii) മുഖവില 15000 രൂപയിൽ കവിയുന്ന ചെക്കുകൾ ക്ലിയറൻസിന് വരികയോ ഏതു തരത്തിലാണെങ്കിലും അതിന്റെ തുക പണമായി ബാങ്കിന് ലഭിക്കുന്ന തീയതിയ്ക്ക് മുൻപ് ക്രെഡിറ്റ് ചെയ്യപ്പെടുകയോ ആണെങ്കിൽ ആ തുകയ്ക്ക് നിശ്ചയിച്ച നിരക്കിലുള്ള പലിശ (ബാങ്ക് നിർദ്ദേശിച്ചിരിക്കുന്ന സാധാരണ സേവന ചാർജ്ജ്ജുകൾക്ക് പുറമെ) അത്രയും സമയത്തേക്ക് ചുമത്തേണ്ടതാണ്.

viii) ചെക്ക് മടങ്ങുകയാണെങ്കിൽ പലിശ സംബന്ധിച്ച ഭാരതീയ റിസർവ് ബാങ്കിന്റെ നിർദേശ പ്രകാരം ബാങ്കിൽ ഫണ്ടില്ലാത്ത കാലാവധിയ്ക്ക് പലിശ ഈടാക്കാവുന്നതാണ്.

a) ഔട്ട് സ്റ്റേഷൻ ചെക്ക് നൽകി ക്രെഡിറ്റായ ദിവസത്തിനും അത് മടങ്ങിയ ദിവസത്തിനും ഇടയ്ക്കുള്ള കാലാവധിയ്ക്ക് ഉപഭോക്താവിനു മേൽ യാതൊരു പലിശയും ചുമത്തരുത്.

b) ചെക്ക് മടങ്ങിയ തീയതി മുതൽ ബാങ്കിന് പണം തിരിച്ച് കിട്ടുന്നതുവരെയുള്ള സമയത്തേക്ക് പലിശ ചുമത്താം.

c) മടങ്ങുന്ന ചെക്ക് ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടതെങ്കിൽ അങ്ങനെ ക്രെഡിറ്റ് ചെയ്യപ്പെട്ട തുകയ്ക്ക് പലിശ നൽകുന്നതല്ല.

ix) ചെക്ക് ഡിസ്ഹോണർ ചെയ്യപ്പെടുകയാണെങ്കിൽ ബാങ്കിൽ എത്ര കാലാവധിയ്ക്കാണോ ആ പണം ഇല്ലാതിരിക്കുന്നത് അത്രയും കാലത്തേക്ക് ഉപഭോക്താവ് സാധാരണ പലിശ

നൽകേണ്ടതായിരിക്കുമെന്ന് വ്യക്തമായി രേഖപ്പെടുത്തികൊണ്ട് വ്യത്യസ്തമായ പോ-ഇൽ-സ്ലിപ്പുകൾ തുറക്കുന്നതിനെകുറിച്ച് ബാങ്കുകൾക്ക് ആലോചിക്കാവുന്നതാണ്.

x) ഈ സൗകര്യത്തിന്റെ ലഭ്യതയെകുറിച്ചുള്ള ഒരു നോട്ടീസ് ഓരോ ബ്രാഞ്ചിലും പ്രാധാന്യം നൽകി പ്രദർശിപ്പിക്കേണ്ടതാണ്.

4. അതുപ്രകാരം സത്വര നടപടികൾക്കായി അനുയോജ്യമായ നിർദ്ദേശങ്ങൾ നിങ്ങളുടെ ബ്രാഞ്ചുകൾക്ക് നൽകേണ്ടതാണ്.

5. കത്തു കിട്ടി വിവരം അറിയിക്കുക.

വിശ്വസ്തതയോടെ
എം ആർ ശ്രീനിവാസൻ
ചീഫ് ജനറൽ മാനേജർ